നായി പണികൾ ആരംഭിച്ചിട്ടില്ല എന്നാണ് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കേരളത്തിന്റെ അറിവോ സമ്മതമോ കൂടാതെ ബേബി ഡാം ശക്തിപ്പെടുത്താൻ എന്തെങ്കിലും നീക്കം തമിഴ്നാടിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ടോ എന്ന് നിരീക്ഷിക്കാനും ജാഗ്രത പുലർത്താനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വിനോദസഞ്ചാര വികസനം

9 (*155) ഡോ. കെ.സി. ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. ടി.എസ്. ജോൺ :
ശ്രീ. പി.സി. ജോർജ്ജ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര ടൂറിസ്റ്റുകളേയും വിദേശ ടൂറിസ്റ്റുകളേയും സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനായി പുതുതായി ആരംഭിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഇന്റർനെറ്റിലൂടെ കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ലോകമെമ്പാടും പരിചയപ്പെടുത്താനുള്ള നടപടി ഏതു ഘട്ടത്തിലാണ്;

(സി) ടൂറിസം വികസനം മുൻനിറുത്തി ടെലിവിഷൻ ചാനലുകളിലൂടെ പുതിയ പ്രചരണ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പാതിരാമണൽ, തെൻമല, വാഗമൺ എന്നീ സ്ഥലങ്ങളിൽ കേന്ദ്രീകരിച്ചുള്ള പുതിയ ടൂറിസം പദ്ധതികൾ വിശദീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ആഭ്യന്തര ടൂറിസ്റ്റുകളേയും വിദേശ ടൂറിസ്റ്റുകളേയും സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനായി വിനോദസഞ്ചാരികൾക്കാവശ്യമായ സൗകര്യങ്ങൾ വിപുലമാക്കാനും വിനോദസഞ്ചാരികളെ ആകർഷിക്കത്തക്ക പദ്ധതികൾ നടപ്പാക്കാനും കേരള ടൂറിസത്തെക്കുറിച്ച് പ്രചാരണ പ്രവർത്തനങ്ങൾ നടത്താനും വേണ്ട കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്. മുഖ്യ പരിപാടികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) വിവരസാങ്കേതിക വിദ്യയിലുണ്ടായ പുരോഗതി ടൂറിസം പ്രചാരത്തിനായി പരമാവധി പ്രയോജനപ്പെടുത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ടൂറിസം ഡയറക്ടറേറ്റ് ആകർഷകമായ ഒരു വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. കെ.ടി.ഡി.സി.ക്കും സ്വന്തമായി വെബ്സൈറ്റ് ഉണ്ട്. ഇന്റർനെറ്റിന്റെ മറ്റൊരു പ്രധാന ഉപാധിയായ 'ഇ-മെയിൽ' സംവിധാനവും പൂർണ്ണമായും പ്രയോജനപ്പെടുത്തിവരുന്നുണ്ട്.

(സി) ടൂറിസം വികസനം മുൻനിറുത്തി ടെലിവിഷൻ ചാനലുകളിലൂടെ പരസ്യങ്ങൾ നൽകുന്നതിനായി ലഘുചിത്രങ്ങൾ നിർമ്മിക്കുന്നുണ്ട്. ഇതിന്റെ ചിത്രീകരണം പൂർത്തിയായി. കേരളത്തിന്റെ പ്രകൃതി, സംസ്ക്കാരം,

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കലാസമ്പത്ത്, ഉത്സവങ്ങൾ എന്നിവയെല്ലാം ആവിഷ്കരിക്കുന്ന ഈ പരസ്യ ചിത്രങ്ങൾ ബി.ബി.സി. ഡിസ്കവറി, നാഷണൽ ജ്യോഗ്രഫിക് ചാനൽ തുടങ്ങിയ പ്രശസ്ത അന്താരാഷ്ട്ര ചാനലുകളിലൂടെ പ്രക്ഷേപണം ചെയ്യാനാണ് ദ്ദേശിക്കുന്നത്.

(ഡി) വനം, ജലസേചനം, ടൂറിസം വകുപ്പുകളുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതിക്ക് കോട്ടംതട്ടാതെയും വനസംരക്ഷണം പാലിച്ചുകൊണ്ടുമുള്ള ഇക്കോ ടൂറിസം വികസന പദ്ധതിയാണ് തെന്മലയിൽ നടപ്പാക്കുന്നത്. ഇവിടുത്തെ പരിപാടികൾ തുടങ്ങിയിട്ടുണ്ട്. ട്രെക്കിംഗ്, അമ്യൂസ്മെന്റ് പാർക്ക്, വിശാലമായ ഉദ്യാനം, മ്യൂസിക്കൽ ഫൗണ്ടൻ, ഡീയർ റീഹാബിലിറ്റേഷൻ സെന്റർ, പരിസ്ഥിതി പഠന സൗകര്യങ്ങൾ ഇവയൊക്കെ ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. പാതിരാമണലിൽ അന്താരാഷ്ട്ര നിലവാരമുള്ളതും അവിടുത്തെ ഭൂപ്രകൃതിയുമായി പൂർണ്ണമായും യോജിച്ചുപോകുന്നതുമായ ഒരു ഇക്കോ ടൂറിസം പദ്ധതിയാണ് നടപ്പാക്കുന്നത്. ഇതിന്റെ രൂപരേഖ തയാറാക്കിവരുന്നു. വാഗമൺ വിശാലമായ ഗോൾഫ് സൗകര്യങ്ങളുള്ള ഒരു അന്തർദേശീയ ഹിൽ റിസോർട്ടായി വികസിപ്പിക്കുന്നതിനാണ് ആലോചനയുള്ളത്.

വിനോദസഞ്ചാര മേഖലയിലെ സ്വകാര്യനിക്ഷേപം

10 (*156) ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര രംഗത്ത് 1996-97, 1997-98, 1998-99 എന്നീ ഓരോ വർഷവും എത്ര രൂപയുടെ വീതം സ്വകാര്യ നിക്ഷേപമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ രംഗത്ത് സ്വകാര്യ നിക്ഷേപകർക്ക് പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനായി ഈ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) കൃത്യമായി കണക്കാക്കിയിട്ടില്ല. എന്നാൽ 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ മൊത്തമായി ഏകദേശം 250 കോടി രൂപയോളം സ്വകാര്യ നിക്ഷേപമുണ്ടായിട്ടുള്ളതായി കണക്കാക്കപ്പെടുന്നു.

(ബി) സ്വകാര്യ നിക്ഷേപകർക്ക് പ്രോത്സാഹനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനായി ഗവൺമെന്റ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അർഹമായ ടൂറിസം യൂണിറ്റുകൾക്ക് മൊത്തം നിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകുന്നു. ഇവർക്ക് ഫിനാൻഷ്യൽ കോർപ്പറേഷൻപോലുള്ള ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതിനും സഹായിക്കുന്നുണ്ട്. ക്ലാസിഫൈഡ് ഹോട്ടലുകൾക്ക് കറന്റ് ചാർജ്ജിൽ ഇളവ് അനുവദിച്ചുവരുന്നു. സ്വകാര്യ നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനായി ഒരു 'ഗൈഡൻസ് സെൽ' ടൂറിസം

LIBRARY ARCHIVES Kerala Legislative Assembly